ഉത്തരം

(എ) ശ്രദ്ധയിപ്പെട്ടിട്ടുണ്ട്.

(ബി) ചേർത്തലയിലെ അർത്തുങ്കൽ, പള്ളിപ്പുറം എന്നിവിടങ്ങളിലെ പി.എച്ച്.സി. കളെ 24X7 പി.എച്ച്.സി.കളായി ഉയർത്തിയെങ്കിലും ജീവനക്കാരുടെ കുറവ് മൂലമാണ് ഇത് നടപ്പിലാക്കാൻ കഴിയാത്തത്. സ്റ്റാന്റേർഡൈസേഷൻ പ്രകാരം നിലവാരം ഉയർത്തിയ ആരോഗ്യ സ്ഥാപനങ്ങളിലേക്ക് അധിക തസ്തിക സൃഷ്ടിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

പാലക്കുഴ പി.എച്ച്.സി.

38 (4909) ശ്രീ. ബാബുപോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കുഴ പി.എച്ച്.സി.യിൽ എത്ര ഡോക്ടർമാരുടെ സേവനം നിലവിലുണ്ടായിരുന്നു ;

(ബി) ഇതിൽ എത്ര ഡോക്ടർമാർ ഇപ്പോൾ സ്ഥിരമായി ഇവിടെയുണ്ട് ;

(സി) സ്ഥിരമായി ഒരു ഡോക്ടറെയെങ്കിലും ഇവിടെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഡി) ഇവിടെ ഐ.പി. പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) മൂന്നു ഡോക്ടർമാരുടെ സേവനം നിലവിലുണ്ടായിരുന്നു.

(ബി & സി) നിലവിലുള്ള മൂന്നു അസിസ്റ്റന്റ് സർജൻ തസ്തികയിലും സ്ഥിരം ഡോക്ടർമാരെ നിയമിച്ചു കഴിഞ്ഞു.

(ഡി) നടപടി സ്വീകരിച്ചുവരുന്നു.

തിരുവാലിയിൽ പ്രാഥമികാരോഗ്യകേന്ദ്രം

39 (4910) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ തിരുവാലിയിൽ ഒരു പ്രാഥമിക ആരോഗ്യ കേന്ദ്രം കൂടി അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ;

(ബി) പി.എച്ച്.സി. അനുവദിക്കുന്നതു സംബന്ധിച്ച് ഡി.എം.ഒ. ബന്ധപ്പെട്ടവർക്ക് റിപ്പോർട്ട് നൽകിയിട്ടുണ്ടോ ;

(സി) ഇതിന്റെ അടിസ്ഥാനത്തിൽ ഇതുവരെ കൈക്കൊണ്ട നടപടികൾ വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി&സി) ഡി.എം.ഒ.യുടെ റിപ്പോർട്ട് ആരോഗ്യവകുപ്പ് ഡയറക്ടർക്ക് ലഭ്യമായിട്ടുണ്ട്. ആരോഗ്യവകുപ്പ് ഡയറക്ടറുടെ ശുപാർശ പരിശോധിച്ച് ഉചിതമായ തീരുമാനം എടുക്കുന്നതാണ്.

എൻ.ആർ.എച്ച്.എം. പദ്ധതിയിൽ ഉൾപ്പെടുത്തി പി.എച്ച്.സി. കെട്ടിടത്തിന്റെ പുനർനിർമ്മാണം

40 (4911) ശ്രീ. സി. ടി. അഹമ്മദ് അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് മൊഗ്രാൽപുത്തൂർ പഞ്ചായത്തിലെ പി.എച്ച്.സി. കെട്ടിടത്തിന്റെ ജീർണ്ണാവസ്ഥ സംബന്ധിച്ച് എന്തെങ്കിലും പരാതി സർക്കാരിന് ലഭിച്ചിട്ടുണ്ടോ ; എങ്കിൽ ഇതിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ;

(ബി) എൻ.ആർ.എച്ച്.എം. പദ്ധതിയിൽ ഉൾപ്പെടുത്തി പ്രസ്തുത ആശുപത്രി കെട്ടിടം പുനർനിർമ്മാണം നടത്താൻ വേണ്ട നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കാസർഗോഡ് മൊഗ്രാൽ പുത്തൂർ പഞ്ചായത്തിലെ പി.എച്ച്.സി. കെട്ടിടത്തിന്റെ ശോച്യാവസ്ഥ സംബന്ധിച്ച് എം.എൽ.എ. നൽകിയ നിവേദനത്തിന്മേൽ റിപ്പോർട്ട് സമർപ്പിക്കുവാൻ കാസർഗോഡ് ജില്ലാ മെഡിക്കൽ ഓഫീസറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) റിപ്പോർട്ട് ലഭ്യമാവുന്ന മുറയ്ക്ക് പരിശോധിച്ച് തീരുമാനിക്കുന്നതാണ്.

മെഡിക്കൽ വിദ്യാഭ്യാസരംഗത്ത് വരുത്തിയ പരിഷ്ക്കാരങ്ങൾ

41 (4912) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ വിദ്യാഭ്യാസരംഗത്ത് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വരുത്തിയ പരിഷ്ക്കാരങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ;

(ബി) മെഡിക്കൽ വിദ്യാർത്ഥികൾക്ക് നൽകുന്ന സ്റ്റൈപ്പന്റ് ഏതെല്ലാം വിഭാഗങ്ങൾക്കാണ് കൊടുക്കുന്നത് ;

(സി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ മെഡിക്കൽ വിദ്യാർത്ഥികൾക്ക് എത്രയായിരുന്നു സ്റ്റൈപ്പന്റ് ; ഇപ്പോൾ എത്രയാണ് ;

(ഡി) മെഡിക്കൽ വിദ്യാർത്ഥികൾക്ക് നൽകുന്ന മറ്റ് ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മെഡിക്കൽ വിദ്യാഭ്യാസ രംഗത്ത് ഏർപ്പെടുത്തിയ ഒരു പ്രധാന പരിഷ്ക്കാരമാണ് കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് ആന്റ് അലൈഡ് സയൻസസ്. ഇതുവഴി

LIBRARY ARCHIVES Kerala Legislative Assembly